بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 06.05.16 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*06.05.16 ന് മസ്ജിദ് നുസ്റത്ത് ജഹാൻ ഡന്മാർക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## ടി.വി.യുടേയും ഇന്റർനെറ്റിന്റേയും രൂപത്തിൽ ഇന്ന് നമ്മുടെ വീട്ടുകളിലുള്ളതും നമ്മെ വലയം ചെയ്തിട്ടുള്ളതുമായ വ്യർഥമായ കാര്യങ്ങളിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുക.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഏകദേശം 11 വർഷംമുമ്പേ ഞാൻ ഇവിടെ വന്നിരുന്നു. കാലം കഴിഞ്ഞുപോകുന്നത് അറിയാൻ കഴിയുന്നില്ല. ഒരുപാട് കുട്ടികൾ ഇന്ന് യുവാക്കളായിട്ടുണ്ടാകും. ധാരാളമാളുകൾ കുട്ടികളുടെ ഉമ്മമാരും ഉപ്പമാരും ആയിക്കഴിഞ്ഞിട്ടുണ്ടാകും. ബാഹ്യമായ നിലയിലും ഇവിടെ അല്ലാഹു ഒരുപാട് അനുഗ്രഹം ചെയ്തിട്ടുണ്ട്. മസ്ജിദിനോടുചേർന്ന് ഒരു വലിയ ഹാൾ, ഓഫീസുകൾ, ലൈബ്രറി, മറ്റു സൗകര്യങ്ങളും ലഭിച്ചിരിക്കുന്നു. ഇപ്രകാരംതന്നെ മസ്ജിദിന്റെ മുമ്പിലുള്ള നമ്മൾ വാങ്ങിയവീട്ടിലും വലിയ വിശാലത ഉണ്ടായിരിക്കുന്നു. മിഷണറിയുടെ താമസസ്ഥലം, ഗസ്റ്റ്ഹൗസ്, ഒരു വലിയ ഹാൾ എന്നിവ കൈവന്നിരിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണ്. നിങ്ങളുടെ വീടുകളിലെ ജനസംഖ്യ വർധിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ധനത്തിൽ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെങ്കിൽ ജമാഅത്തിന് ബാഹ്യമായ കെട്ടിടങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാഹു വിശാലത നല്കിയിട്ടുണ്ടെങ്കിൽ തീർച്ചയായും നമ്മൾ ഇക്കാര്യങ്ങളിൽ അല്ലാഹുവിനോടു നന്ദി കാണിക്കേണ്ടതാണ്. ഈ നന്ദി എങ്ങനെയാണ് കാണിക്കേണ്ടത്? അതെന്താണ് ആഗ്രഹിക്കുന്നത്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: സത്യവിശ്വാസപരമായ നിലയിൽ നമുക്ക് നമ്മുടെ ചിന്താഗതിയും ആക്കേണ്ടിവരും. നമുക്ക് ബാഹ്യമായ നന്ദിപ്രകടനമോ കേവലം വായകൊണ്ട് അൽഹംദുലില്ലാഹ് എന്ന് പറഞ്ഞ് സന്തോഷിക്കലോ അല്ല വേണ്ടത്. മറിച്ച് അല്ലാഹു പറഞ്ഞ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ? എന്നു നോക്കേണ്ടതാണ്. ഒരു മുഅ്മിന്റെ ജീവിതംപോലെയാണോ നമ്മൾ ജീവിക്കുന്നത്? അല്ലാഹു നിങ്ങൾക്ക് അല്ലെങ്കിൽ നിങ്ങളുടെ പിതാവിനും പിതാമഹനും അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് നല്കിയെങ്കിൽ അത് അല്ലാഹുവിന്റെ പ്രത്യേക ഫള്ലാണ്. അല്ലാഹു ഏതോ നന്മ കാരണത്താലാണ് ഈ ഫള്ൽ നല്കിയിരിക്കുന്നത്. ആ നന്മകളിൽ വളരേണ്ടതും നിങ്ങളുടെ അവസ്ഥകളെ മുമ്പത്തേതിനെക്കാൾ നന്നാക്കിത്തീർക്കേണ്ടതും നിർബന്ധമാണ്. ഇനി നമ്മുടെ ചുവടു നിലച്ചുപോകുകയാണെങ്കിൽ നമ്മൾ നമ്മുടെ തലമുറയേയും മതത്തിൽനിന്ന് അകറ്റുന്നവരാകുമെന്ന കാര്യം ഓർക്കേണ്ടതാണ്. ഇങ്ങനെ അവരെ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹത്തിൽനിന്ന്- അത് നബി(സ)തിരുമേനി പ്രവചിച്ചിട്ടുള്ളതാണ്-തടയുന്നവരായിത്തീരും. അതായത് മസീഹ് മൗഊദിന്റെ നിയോഗവും അദ്ദേഹത്തെ വിശ്വസിക്കലും! ആരുടെ പിതാവും പിതാമഹനുമാണോ അഹ്മദിയായിട്ടുള്ളത്, അവരുടെ തലമുറ ദീനിൽനിന്ന് അകലുകയാണെങ്കിൽ അവർ തങ്ങളുടെ പുണ്യാത്മാക്കളുടെ ദുആയിൽനിന്ന് തടയപ്പെട്ടവരായിത്തീരും. ആരുടെ പൂർവപുണ്യാത്മാക്കളാണോ അഹ്മദിയായത് ആ പുണ്യാത്മാക്കൾ തങ്ങളുടെ ബയ്അത്ത് പ്രതിജ്ഞ നിറവേറ്റുകയും ലോകത്തുനിന്ന് വിടപറയുകയും ചെയ്തു. തങ്ങളുടെ തലമുറകളും ഈ ബയ്അത്ത് പ്രതിജ്ഞ നിറവേറ്റുമെന്ന ആഗ്രഹത്തോടും ദുആയോടും കൂടിയുള്ള പ്രതീക്ഷയോടെയാണ് അവർ വിടപറഞ്ഞത്. കഴിഞ്ഞു കടന്ന പുണ്യാത്മക്കൾ നല്കിയ ഉപദേശമനുസരിച്ച് ഈ പ്രതിജ്ഞ നിറവേറ്റുന്നവരാണോ എന്ന് ഇപ്പോൾ നിങ്ങളിൽ ധാരാളമാളുകൾ ചിന്തിക്കേണ്ട ആവശ്യക്കാരായിട്ടുണ്ട്. ഇപ്രകാരംതന്നെ ആരാണോ സ്വയം ബയ്അത്ത് ചെയ്തത്, അവർ അവരുടെ ഈമാനിൽ വളരുന്നതിനും അവരുടെ കർമങ്ങൾ നല്ലതാക്കിത്തീർക്കുന്നതിനും ശ്രമിച്ചിട്ടുണ്ടോ അല്ലെങ്കിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ അല്ലെങ്കിൽ അതൊരു താല്ക്കാലികമായ വികാരമായിരുന്നോ, അക്കാരണത്താലാണോ അഹ്മദിയ്യത്ത് സ്വീകരിച്ചത് എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. നമുക്ക് ഫലമുണ്ടാകുന്നത് നമ്മുടെ ചുവട് അഭിവൃദ്ധിയിലേക്ക് ഉയരുമ്പോഴായിരിക്കും.

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന്റെ ബയ്അത്തിൽ വന്നതിന്റെ കടമ നിറവേറ്റാൻ അഹ്മദിയ്യത്തിൽ പ്രവേശിച്ചിട്ടുള്ള എല്ലാ തരത്തിലുള്ള ആളുകളും ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്. അക്കാര്യത്തിൽ ചിന്തിക്കേണ്ടതുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനമനുസരിച്ച് തങ്ങളുടെ അവസ്ഥകളെ വാർത്തെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്ന് എല്ലാ അഹ്മദി സ്ത്രീകളും പുരുഷന്മാരും ആത്മപരിശോധനനടത്തേണ്ട ആവശ്യമുണ്ട്. ആരംഭം മുതൽതന്നെ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്ന ഗ്രാഹ്യം ഉണ്ടാക്കുന്ന തരത്തിലുള്ള തർബിയ്യത്ത് നമ്മുടെ കുട്ടികൾക്ക് കൊടുക്കാൻ ശ്രമിക്കുന്നുണ്ടോ? നമ്മുടെ സ്വന്തം കർമം ഇസ്ലാമികാധ്യാപനമനുസരിച്ച് നമ്മുടെ കുട്ടികൾക്ക് മാതൃകാപരമാണോ? നമ്മുടെ നമസ്കാരങ്ങളും നമ്മുടെ ആരാധനകളും നമ്മുടെ എല്ലാ കർമങ്ങളും അല്ലാഹുവും അവന്റെ റസൂലും പറഞ്ഞ അധ്യാപനമനുസരിച്ചാണോ? ഇക്കാര്യങ്ങളുടെ ആഴം അറിയുന്നതിനും നമ്മുടെ പരിശോധനയുടെ നല്ല നിലവാരം നിശ്ചയിക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)

നമുക്ക് മാർഗദർശനം നല്കിയിരിക്കുന്നു. ഇപ്പോൾ നമ്മളിൽ നിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്ന അക്കാര്യങ്ങളിൽ ചിലത് സമർപിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് വളരെ വേദനയോടെ പറയുന്നു:

'എല്ലായിടത്തും സത്യഭ്യംശത്തിന്റേയും അനാസ്ഥയുടേയും ദുർമാർഗത്തിന്റേയും കാറ്റടിച്ചുകൊണ്ടിരിക്കുന്ന കുഴപ്പങ്ങൾ നിറഞ്ഞ ഇക്കാലത്ത് തഖ്‌വ കൈക്കൊള്ളേണ്ടത് നമ്മുടെ ജമാഅത്തിന് നിർബന്ധമാണ്. അല്ലാഹുവിന്റെ കല്പനകളുടെ മഹത്ത്വം ഇല്ലെന്നുള്ളതാണ് ലോകത്തിന്റെ അവസ്ഥ. കടമകളേയും വസ്വിയത്തുകളേയും പരിഗണിക്കുന്നതേയില്ല. തന്റെ ഉത്തരവാദിത്വത്തോടുള്ള കടമ നിറവേറ്റുന്നില്ല. വസ്വിയ്യത്തുകൾ പൂർത്തിയാക്കുന്നവരുമില്ല. ദുൻയാവിലും അതിലെ പണികളിലും അതിരുകടന്ന് മുഴുകിയിരുക്കുകയാണ്. ഭൗതിക കാര്യത്തിൽ അല്പം നഷ്ടമുണ്ടാകുന്നതുകണ്ട് ദീനിന്റെ ഭാഗത്തെ ഉപേക്ഷിച്ചു കളയുന്നു. ഭൗതിക നഷ്ടത്തെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നു; ദീൻ നഷ്ടപ്പെട്ടാലും വേണ്ടില്ല. അല്ലാഹുവിനോടുള്ള കടമകൾ നഷ്ടപ്പെടുത്തിക്കളയുന്നു. അത്യാഗ്രഹപരമായ ഉദ്ദേശ്യത്തോടെയാണ് പരസ്പരം പെരുമാറുന്നത്. ശാരീരികവികാരങ്ങളുടെ മാത്സര്യങ്ങൾക്കെതിരിൽ വളരെ ദുർബലരാകുന്നു. അല്ലാഹു അവരെ ദുർബലരാക്കി വെക്കുവോളം പാപം ചെയ്യാൻ തന്റേടം കാണിക്കുന്നില്ല. പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ നന്മ അതിജയിച്ചതുകൊണ്ടല്ല. തന്റേടമില്ലാത്തതുകൊണ്ടാണ്. ചില കാര്യങ്ങളെ ഭയപ്പെടുന്നതുകൊണ്ടാണ്. എന്നാൽ, ആ ഭയം അകലുമ്പോൾ പാപം ചെയ്യാൻ തുടങ്ങുന്നു. ഇക്കാലത്ത് എവിടെ അന്വേഷിച്ചാലും ഈ വിലാസമായിരിക്കും കിട്ടുന്നത്. അതായത് സത്യമായ തഖ്‌വാ ഉയർന്നുപോയിരിക്കുന്നു. സത്യസന്ധമായ വിശ്വാസം പാടെ ഇല്ലാതായിരിക്കുന്നു. അത്യന്തം പുതിയതായ അതേ ഖുർആൻ നിലവിലുണ്ട്. അല്ലാഹു പറഞ്ഞിരുന്നതുപോലെ: **ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ** ഒരുപാട് ഹദീഥുകളുടെ ഭാഗങ്ങളുമുണ്ട്. അനുഗ്രഹങ്ങളുമുണ്ട്. എന്നാൽ, മനസ്സുകളിൽ ഈമാനും കർമപരമായ അവസ്ഥയും അശേഷം ഇല്ലാതായിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ അവർക്കെതിരിൽ ജീവിച്ചിരിക്കുന്നവരുടെ പുതിയൊരു ജനതയെ സൃഷ്ടിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നമ്മുടെ പ്രബോധനം; അതായത് തഖ്‌വയുടെ ജീവിതം കരസ്ഥമാകുക.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മറ്റുള്ളവരെ വിട്ടേക്കുക. ആ മഹാത്മാവിന് ബയ്അത്ത് ചെയ്തുവെന്ന് വാദമുള്ള നമ്മളിൽനിന്നു അല്ലാഹുവിന്റെ കല്പനകളെ നമ്മളിൽ നടപ്പിൽ വരുത്തുന്നവർ എത്രപേരുണ്ട്. താൻ ജിന്നിനേയും ഇൻസിനേയും ആരാധനയ്ക്കായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് അല്ലാഹു പറയുന്നു. നമ്മൾ നമ്മുടെ ഭൗതികജോലികളെ നമ്മുടെ ആരാധനയിൽ ബലിഅർപിക്കുന്നുണ്ടോ? അതോ അതിന്നെതിരാണോ? അതല്ല നമ്മുടെ ആരാധനകൾ നമ്മുടെ ഭൗതിക ജോലികളുടെമേൽ ബലിയാകുകയാണോ? ഇനി സമയാസമയങ്ങളിൽ നമസ്കരിച്ചാൽത്തന്നെ കഴുത്തിൽനിന്ന് ഇറക്കിവെക്കാനുള്ള ശ്രമമാണ്. ഇത്തരക്കാരുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാത്തവരുടെ അവസ്ഥ വേറെതന്നെയാണ്. ആളുകളുമായുള്ള പെരുമാറ്റത്തിൽ നമ്മളിലും അത്തരക്കാരുണ്ട്. ഉപകാരപരമായി പെരുമാറാനാണ് അല്ലാഹു പറയുന്നത്. എന്നാൽ, അവരുടെ ഉപകാരപരമായ പെരുമാറ്റം ഒരു ഭാഗത്ത് നില്ക്കട്ടെ, മറ്റുള്ളവരുടെ അവകാശം തട്ടിയെടുക്കാൻ ശ്രമിക്കുന്ന ഒരുപാട് പേരുണ്ട്. പിന്നെ ഭൗതികനഷ്ടം സഹിക്കാൻ കഴിയാത്തവരുമുണ്ട്. പക്ഷേ, ദീനിന്റെ നഷ്ടം ഉണ്ടായാൽ സഹിക്കുകയും ചെയ്യുന്നു. വികാരാവേശങ്ങളുടെമേൽ കൺട്രോൾ ഇല്ലാത്ത എത്രയാളുകളാണ് നമ്മളിലുള്ളത്. ചെറിയ ചെറിയ കാര്യങ്ങളിൽ കോപിക്കുന്നു.മറ്റുള്ളവർ ഇത് ചെയ്യുകയാണെങ്കിൽ ഇവർ ജാഹിലാണെന്ന് നമുക്കു പറയാവുന്നതാണ്. എന്നാൽ നമ്മളിലാരെങ്കിലും അങ്ങനെ ചെയ്യുകയാണെങ്കിൽ എന്തായാലും അത് ദുഃഖാർഹമായ കാര്യമാണ്. അതുകൊണ്ട് ആർക്കും സ്വയമേവ പരിശോധന നടത്തി നോക്കാവുന്നതാണ്. ജീവിച്ചിരിക്കുന്നവരുടെ ഒരുപുതിയ ജനതയെ അല്ലാഹു സൃഷ്ടിക്കാനാഗ്രഹിക്കുന്നു എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ എപ്പോഴും നമ്മൾ മുന്നിൽ വെക്കേണ്ടതാണ്. ആ ജീവിച്ചിരിക്കുന്നവരിൽ ഉൾപ്പെടാനാണ് നമ്മൾ ബയ്അത്ത് ചെയ്തത്. അതുകൊണ്ട് അതിനോടുള്ള കടമ നിറവേറ്റുന്നതിന് ആ മഹാത്മാവ് പറഞ്ഞ കാര്യത്തിലേക്ക് നമുക്ക് ശ്രദ്ധിക്കേണ്ടിവരും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

ആരാണോ അല്ലാഹുവിനെ മാത്രം ഭയന്നുകൊണ്ട് അവന്റെ വഴി അന്വേഷിക്കുന്നതിൽ പരിശ്രമിക്കുകയും അവനോടു ഈ കാര്യത്തിന്റെ കെട്ടഴിക്കാൻ ദുആ ചെയ്യുകയും ചെയ്യുന്നത് അല്ലാഹു തന്റെ നിയമം (അതായത് ആരാണോ നമ്മളിൽ ആയിക്കൊണ്ട് പരിശ്രമിക്കുന്നത് നാം നമ്മുടെ വഴി അവന് കാണിച്ചുകൊടുക്കുന്നു എന്ന നിയമം) അനുസരിച്ച് സ്വയം കൈപിടിച്ച് വഴി കാണിക്കുന്നു. മനുഷ്യൻ പരിശുദ്ധ ഹൃദയത്തോടും സത്യസന്ധതയോടും ആത്മാർഥതയോടും കൂടി സകല അന്യായമായ വഴികളുടേയും പ്രതീക്ഷയുടേയും കവാടങ്ങളെ തനിക്കായി സ്വയം അടച്ച് അല്ലാഹുവിന്റെ മുമ്പിൽ മാത്രം കൈ നീട്ടാത്തിടത്തോളം അല്ലാഹുവിന്റെ സഹായവും തുണയും അവന് കിട്ടാൻ അർഹനാകുകയില്ല. അല്ലാഹു അശ്രദ്ധനാണെന്ന് മനസ്സിലാക്കരുത്. അല്ലാഹു ആകാശത്തിലിരുന്ന് മനുഷ്യമനസ്സിന്റെ കോണുകൾവരെ അറിയുന്നവനാണ്. ഏതെങ്കിലും കോണിൽ ഏതെങ്കിലും തരത്തിലുള്ള അന്ധകാരത്തിന്റേയോ അന്യാരാധനയുടേയോ അനാചാരത്തിന്റേയോ എന്തെങ്കിലും അംശമുണ്ടെങ്കിൽ അവന്റെ ദുആകളേയും ആരാധനകളേയും അവന്റെ മുഖത്ത് മറിച്ചിടുന്നതാണ്. ഇനി അവന്റെ മനസ്സ് എല്ലാതരത്തിലുള്ള ശാരീരികേച്ഛകളിൽ നിന്നും അന്ധകാരങ്ങളിൽനിന്നും പരിശുദ്ധവും നിർമലവും ആണെന്നു കണ്ടാൽ അവനുവേണ്ടി കാരുണ്യത്തിന്റെ കവാടങ്ങൾ തുറക്കുന്നു. അവനെ തന്റെ തണലിൽ എടുത്ത് അവന്റെ പരിപാലനത്തിന്റെ ഉത്തരവാദം സ്വയം ഏറ്റെടുക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഒരു യഥാർഥ അഹ്മദി തന്റെ മനസ്സിനെ എല്ലാതരത്തിലുള്ള അന്യാരാധനയിൽ നിന്നും അനാചാരങ്ങളിൽനിന്നും പരിശുദ്ധമാക്കേണ്ടി വരും. തങ്ങൾ ഒരുപാട് ദുആകൾ ചെയ്തുവെന്നും ദീർഘമായി ദുആകൾ ചെയ്തുവെന്നും പക്ഷേ, സ്വീകരിക്കപ്പെട്ടില്ല എന്നും പറയുന്നവർ തങ്ങളുടെ മനസ്സിനെ കൈയിലെടുത്ത് എവിടെ

യെങ്കിലും മറഞ്ഞിരിക്കുന്ന ശിർക്കുണ്ടോ എന്നും ഏതെങ്കിലും അനാചാരങ്ങളിൽ കുടുങ്ങി കിടക്കുന്നുണ്ടോ എന്നും അല്ലാഹു വിലക്കിയിട്ടുള്ള ഏതെങ്കിലും കാര്യം ചെയ്യുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

തഖ്‌വയുടെ സംസ്ഥാപനമാണ് ഈ ജമാഅത്തിന്റെ രൂപീകരണോദ്ദേശ്യം എന്ന് വിശദീകരച്ചുകൊണ്ട് ഒരിടത്ത് സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഈ ജമാഅത്തിൽനിന്ന് അല്ലാഹു ആഗ്രഹിച്ചിട്ടുള്ളതും അവൻ എന്നിൽ വെളിപ്പെടുത്തിയതും ഇതു തന്നെയാണ്, അതായത് തഖ്‌വ കുറഞ്ഞുപോയിരിക്കുന്നു. ഈ ജമാഅത്ത് രൂപീകരിച്ചതിന്റെ ഉദ്ദേശ്യംതന്നെ തഖ്‌വയുടെ സംസ്ഥാപനമാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇപ്പോൾ ലോകത്തിന് തഖ്‌വയുടേയും പവിത്രതയുടേയും ജീവിതത്തിന്റെ മാതൃക കാണിക്കാൻ അല്ലാഹു തീരുമാനിച്ചു. ഈ ഉദ്ദേശ്യത്തിന്നായിട്ടാണ് അവൻ ഈ ജമാഅത്ത് രൂപീകരിച്ചത്. പറഞ്ഞു, നമ്മുടെ സ്വന്തം അവസ്ഥകൾ തഖ്‌വയുടേയും പവിത്രതയുടേയും മാതൃകയാകാനും മറ്റുള്ളവർ നമ്മളിൽനിന്ന് പാഠം പഠിക്കാനും പോരുന്നതാണോ എന്ന് നമ്മൾ ഇപ്പോൾ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. താൻ എങ്ങനെയാണ് തന്റെ ജമാഅത്തിനെ കാണാനാഗ്രഹിക്കുന്നതെന്ന് വിവരിച്ചുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഈ ജമാഅത്തിനെ അല്ലാഹു സ്വന്തം കൈകൊണ്ടാണ് സ്ഥാപിച്ചിട്ടുള്ളത്. ഇവിടേയും ധാരാളമാളുകൾ വരുന്നത് തങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടിയാണെന്ന് നാം കാണുന്നു. അതായത് അവർക്ക് അവരുടേതായ ഉദ്ദേശ്യങ്ങളാണുള്ളത്. നന്മയും തഖ്‌വയും കരസ്ഥമാക്കണമെന്ന ഉദ്ദേശ്യമില്ല. മറിച്ച് അവരുടെ ചില സ്വാർഥപരമായ നേട്ടങ്ങളാണ്. ഇത് സഫലമാകാനാണ് അവർ വരുന്നത്. സ്വാർഥപരമായ ഉദ്ദേശ്യങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ എവിടെത്തെ ദീനാണ്? എവിടെത്തെ ഈമാനാണ്? പിന്നീട് ഉപേക്ഷിച്ചുപോകുകും ചെയ്യുന്നു. ഈമാൻ തന്നെ അവശേഷിക്കുന്നില്ല. എന്നാൽ, ഇതിന്നെതിരിൽ സ്വാഹാബാക്കളുടെ ജീവിതം നോക്കുകയാണെങ്കിൽ അവരിൽ ഇത്തരത്തിലുള്ള ഒരു സംഭവവും കാണാൻ കഴിയുകയില്ല. അവർ ഒരിക്കലും അങ്ങനെ ചെയ്തില്ല. നമ്മുടെ ബയ്അത്ത്, ബയ്അത്തെ തൗബ തന്നെയാണ്-പശ്ചാത്തപിച്ചു മടങ്ങുന്ന ബയ്അത്ത്. പക്ഷേ, ഇക്കൂട്ടരുടെ ബയ്അത്ത് അതായത് സ്വഹാബാക്കളുടെ ബയ്അത്ത് തലമുറിപ്പിക്കുമെന്നുള്ള പ്രതിജ്ഞയായിരുന്നു. അവർക്ക് തങ്ങളുടെ വ്യക്തിത്വവും അന്തസ്സും പ്രശ്നമായിരുന്നില്ല. എന്തെങ്കിലും മഹത്ത്വം ആഗ്രഹിച്ചിരുന്നുമില്ല. ഉയർന്ന സ്ഥാനമോഹവുമില്ലായിരുന്നു. എന്തെങ്കിലും ഉദ്ദേശ്യമുണ്ടായിരുന്നെങ്കിൽ അത് ഇസ്‌ലാമിനു വേണ്ടി ജീവനും ധനവും സമയവും മാന്യതയും ത്യാഗം ചെയ്യുന്നതിനുവേണ്ടി എപ്പോഴും തയ്യാറായിരിക്കുക എന്നതു മാത്രമായിരുന്നു. നമ്മുടെ ഭാരവാഹികളും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: പിന്നീട് വളരെ വേദനയോടെ നമ്മെ നമ്മുടെ സ്വഭാവം നന്നാക്കുന്നതിനും നന്മകളിൽനിലകൊള്ളുന്നതിനും തിന്മകൾ ഉപേക്ഷിക്കുന്നതിനും ശ്രദ്ധക്ഷണിച്ചുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:ആരാണോ അയൽവാസിക്ക് തന്റെ സ്വഭാവത്തിലുണ്ടായ മാറ്റം കാണിക്കുന്നത്-ആദ്യം എന്തായിരുന്നു, ഇപ്പോൾ എന്തായി തീർന്നിരിക്കുന്നു- അവൻ ഒരു കറാമത്ത് കാണിക്കുകയാണ് ചെയ്യുന്നത്. ഒരാൾ ഒരു ജമാഅത്തിൽ ചേരുകയും ആ ജമാഅത്തിന്റെ മഹത്വവും പ്രതാപവും ശ്രദ്ധിക്കാതിരിക്കുകയും അതിനു വിരുദ്ധം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അവൻ അല്ലാഹുവിന്റെ പക്കൽ പിടിക്കപെടുന്നു. കാരണം അവൻ സ്വയം അവനെ മാത്രമല്ല നാശത്തിലിടുന്നത് പ്രത്യുത മറ്റുള്ളവർക്ക് ചീത്ത മാതൃകയായിക്കൊണ്ട് അവരെ സൗഭാഗ്യത്തിന്റേയും നേർമാർഗത്തിന്റേയും വഴിയിൽനിന്ന് തടയുകയും ചെയ്യുന്നു. പറഞ്ഞു, നിങ്ങളുടെ കഴിവനുസരിച്ച് അല്ലാഹുവിനോടു സഹായം തേടുക. പൂർണശക്തിയോടും ധൈര്യത്തോടും കൂടി നിങ്ങളുടെ ബലഹീനതകളെ അകറ്റാൻ ശ്രമിക്കുക. എവിടെയാണോ നിസ്സഹായനാവുന്നത് അവിടെ സത്യസന്ധതയോടും ദൃഢവിശ്വാസത്തോടുംകൂടി കൈ ഉയർത്തുക. കാരണം ഗതിമുട്ടിയും ഭയഭക്തിയോടുംകൂടി ഉയരുന്ന കൈകൾ-അത് സത്യസന്ധതയോടും ദൃഢവിശ്വാസത്തിന്റേയും പ്രചോദനത്താൽ ഉയരുന്നതാണ്-ശൂന്യമായി മടങ്ങുകയില്ല. പിന്നീടു പറഞ്ഞു, ദൃഢതരമായ ഒരു കാര്യമുണ്ട്. ഏതെങ്കിലും ഒരുവ്യക്തി തന്റെ ഉള്ളിൽ തന്റെ സഹവർഗത്തിനോടു സഹതാപത്തിന്റെ ആവേശം കാണുന്നില്ലെങ്കിൽ അവൻ പിശുക്കനാണ്. ഞാൻ നന്മയുടേയും ക്ഷേമത്തിന്റേയും ഒരു വഴി കാണുകയാണെങ്കിൽ ആളുകളെ വിളിച്ച് വിളിച്ച് നടക്കേണ്ടത് എന്റെ നിർബന്ധ കടമയാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതുകൊണ്ട് സ്വന്തം സൽമാതൃക സ്ഥാപിച്ച് പ്രബോധനത്തിന്റെ കടമയും നിറവേറ്റേണ്ടതാണ്. എല്ലാ ഓരോ അഹ്മദിയുടേയും ഉത്തരവാദമാണിത്. ഇതിലേക്ക് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. അവസാനം ആളുകൾ കേൾക്കുന്ന ഒരു സമയം വരും. പക്ഷേ, ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ ഇനി ആരും കേൾക്കുന്നില്ലെങ്കിൽത്തന്നെയും നമ്മൾ സന്ദേശം എത്തിച്ചുകൊണ്ടേ ഇരിക്കേണ്ടതാണ്.പക്ഷേ, അതിനോടൊപ്പം അവിടന്ന് പറഞ്ഞു, അവിടത്തെ ജമാഅത്തിൽപ്പെട്ടവരാണെന്ന് പറഞ്ഞ് നമുക്ക് നമ്മുടെ മാതൃകയും ഉന്നതനിലയിൽ സമർപിക്കേണ്ടതാണ്. അപ്പോൾ ജനങ്ങളുടെ ശ്രദ്ധയും നമ്മളിലേക്ക് തിരിയുന്നതാണ്.

നമ്മുടെ അവസ്ഥകൾ നന്നാക്കിത്തീർക്കുന്നതിന് ഉപദേശിച്ചുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: **അലല്ലദീന അലൗ ബിഇസ്തിക്ബാർ** എന്ന് വന്നിരിക്കുന്നത് പ്ലേഗിനെ സംബന്ധിച്ചുള്ള അറബി ഇൽഹാമാണ്. നിന്റെ വീട്ടിനുള്ളിൽ വരുന്നവരെ ഞാൻ രക്ഷപ്പെടുത്തുന്നതാണ്. എന്നാൽ, ആരാണോ തങ്ങളെ വലിയവരായി മനസ്സിലാക്കുന്നത്-അവിടന്ന് അതിനെ ഇങ്ങനെ വിശദീകരിക്കുകയാണ്- പൂർണമായ നിലയിൽ അനുസരിക്കാത്തത് അവരിൽ ഈ കല്പന നടപ്പിൽ വരികയില്ല. അവനെ തീർച്ചയായും രക്ഷിക്കണമെന്ന കാര്യം അല്ലാഹുവിന് നിർബന്ധമാകുകയില്ല. പറഞ്ഞു: അതുകൊണ്ട് അനിവാര്യമായിട്ടുള്ളത് ആവർത്തിച്ചാവർത്തിച്ച് കശ്തിയെ നൂഹ് വായിക്കുക എന്നതാണ്. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. അതനുസരിച്ച് പ്രവർത്തിക്കുക.നിങ്ങൾ നിങ്ങളുടെ ജനതയിൽനിന്ന് എടുക്കേണ്ടിയിരുന്ന ലഅ്നത്ത്(ശാപം)എടുത്തു കഴിഞ്ഞു. പക്ഷേ, ഈ ശാപം എടുത്തുകൊണ്ട് അല്ലാഹുവിനോടും നിങ്ങളുടെ കാര്യങ്ങൾ

പരിശുദ്ധമല്ലെങ്കിൽ, അവന്റെ കാരുണ്യത്തിനും ഫള്ലിനും കീഴെ വരുന്നില്ലെങ്കിൽ പിന്നീട് ഉണ്ടാകുന്നത് എത്രമാത്രം മുസ്വീബത്തുകളും ബുദ്ധിമുട്ടുകളുമായിരിക്കും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതുകൊണ്ട് ഈ ആത്മ പരിശോധന നടത്തേണ്ട ആവശ്യമുണ്ട്. പുതിയ അഹ്മദിയാവട്ടെ പഴയ അഹ്മദിയാവട്ടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ വിശ്വസിച്ച് നമ്മുടെ കർമപരമായ പരിഷ്കരണം നടത്താത്തിടത്തോളം ഹദ്റത്ത് മസീഹ് മൗഊദിന് ബയ്അത്തു ചെയ്യുന്നതുകൊണ്ട് ലഭിക്കുന്ന അനുഗ്രഹങ്ങളിൽനിന്ന് അനുഗ്രഹം പ്രാപിക്കുകയില്ല. നമുക്ക് അല്ലാഹുവിന്റെ സംരക്ഷണത്തിന്റെ തണലിൽ വരാനും സാധിക്കുകയില്ല. താൻ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് എല്ലാ ഓരോരുത്തരും പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്. ഖുദ്ദാമുൽ അഹ്മദിയ്യായിലും ഈ പ്രതിജ്ഞ ചൊല്ലപ്പെടുന്നു. അൻസ്വാറുല്ലായിലും ഈ പ്രതിജ്ഞ ചൊല്ലപ്പെടുന്നു. ലജ്നയിലും ഈ പ്രതിജ്ഞ ചൊല്ലപ്പെടുന്നു. ജമാഅത്തും ബയ്അത്തിന്റെ നേരത്ത് ഈ പ്രതിജ്ഞ ചെയ്യിക്കുന്നു. അതിനാൽ, പ്രതിജ്ഞ സംരക്ഷിക്കുകയാണെങ്കിൽ, നിങ്ങളെ ഏല്പിച്ചിട്ടുള്ള അമാനത്തുകൾ, ഭാരവാഹികളെ ഏല്പിച്ചിട്ടുള്ള അമാനത്തുകൾ, സാധാരണ അഹ്മദികളെ ഏല്പിച്ചിട്ടുള്ള അമാനത്തുകൾ, അവർ അഹ്മദിയ്യത്തിന്റെ ശരിയായ മാതൃകയായി കാണിക്കുകയാണെങ്കിൽ, ആർക്കും വഞ്ചനയ്ക്ക് കാരണക്കാരാകാതിരിക്കുകയാണെങ്കിൽ അപ്പോൾപ്പിന്നെ ഈമാനിന്റെ വൃക്ഷം ശക്തമായ തായ്ത്തടിയിൽ എഴുന്നേറ്റു നില്ക്കുന്നതായിരിക്കും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതിനാൽ നമുക്ക് വിനയവും ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. കാരണം അതിലൂടെ നമുക്ക് ആത്മാവിന്റെ ത്യാഗത്തിന്റെ കടമ നിർവഹിക്കാൻ കഴിയുന്നതാണ്. നമ്മുടെ ഈമാനിൽ അഭിവൃദ്ധിപ്പെടാൻ കഴിയുന്നതാണ്. ടി.വി.യുടേയും ഇന്റർനെറ്റിന്റേയും രൂപത്തിൽ ഇന്ന് നമ്മുടെ വീട്ടുകളിലുള്ളതും നമ്മെ വലയം ചെയ്തിട്ടുള്ളതുമായ വ്യർഥമായ കാര്യങ്ങളിൽനിന്നും രക്ഷപ്പെടാൻ കഴിയുന്നതാണ്. നമ്മുടെ ഈമാനിൽ വർധന ഉണ്ടാക്കുന്നതിന് അതിൽനിന്ന് രക്ഷപ്പെടേണ്ടത് നിർബന്ധമാണ്. അപ്പോഴാണ് നമുക്ക് പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന ശാഖകളായിത്തീരാൻ കഴിയുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടേയും നമ്മുടെ തലമുറയുടേയും ദുൻയാവും ആഖിറത്തും ഒരുക്കുന്നവരായിത്തീരാൻ സാധിക്കുന്നതാണ്. ഒരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിന്റെ പ്രകാശോജ്ജ്വലമായ ഭാവിയെ കുറിച്ച് പറഞ്ഞു: ഇക്കാലവും ആത്മീയമായ പോരാട്ടത്തിന്റേതാണ്. ശയ്ത്വാനുമായിട്ടുള്ള യുദ്ധം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ശയ്ത്വാൻ തന്റെ സർവസന്നാഹങ്ങളും തന്ത്രങ്ങളുമായി ഇസ്‌ലാമിന്റെ കോട്ടയുടെമേൽ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. ഇസ്‌ലാമിനെ പരാജയപ്പെടുത്താൻ അവൻ ആഗ്രഹിക്കുന്നു. എന്നാൽ, അല്ലാഹു ഇപ്പോൾ ശയ്ത്വാന്റെ അവസാന പോരാട്ടത്തിൽ അവനെ എന്നെന്നേക്കുമായി പരാജയപ്പെടുത്തുന്നതിന് ഈ ജമാഅത്ത് രൂപീകരിച്ചിരിക്കുന്നു.

നമ്മൾ നമ്മുടെ ഈമാനെ ശക്തിപ്പെടുത്തുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റുന്നവരാകട്ടെ. നമ്മുടെ കർമങ്ങൾകൊണ്ട് ലോകത്തിന് സത്യത്തിന്റെ വഴി കാണിച്ചുകൊടുക്കുന്നവരാകട്ടെ. അല്ലാഹു നമുക്ക് ചെയ്തുതന്നിട്ടുള്ള ഉപകാരങ്ങൾക്ക് യഥാർഥമായ നിലയിൽ നന്ദികാണിക്കുന്നവരാകട്ടെ. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Masjid Nusrath Jahan, Denmark – on 06.05.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala